# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

11/02/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1672

## കർഷക ഗ്രൂപ്പുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.പാലോട് രവി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കൃഷി വകുപ്പിനു കീഴിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന 6 മൊത്ത വ്യാപാര വിപണികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ളതാണ്. |
| (ബി) പ്രസ്തുത ഗ്രൂപ്പുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ഓരോ ഗ്രൂപ്പുകളിലും അംഗങ്ങളായുള്ള കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടത്തട്ടുകരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കി വിപണനത്തിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയാണ് ഗ്രൂപ്പുകളിലൂടെ സാധ്യമാകുന്നത്. കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ട്രാൻസ്പോർട്ട് ചെയ്ത് വിപണിയിലെത്തിച്ച് ലേലം നടത്തി വരുന്നു. |
| (സി) കർഷകർ നേരിടുന്ന ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാക്കാനും അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലുള്ളതെന്ന് വിശദമാക്കുമോ ; | (സി) കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ മൊത്ത വ്യാപാര വിപണികളിൽ നേരിട്ട് കൊണ്ടുവന്ന് ലേലം നടത്തി വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. ഇതിനായി ഓരോ വിപണിയുടെ പരിസരത്തുള്ള കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഒന്നിച്ച് ശേഖരിച്ച് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ വിപണിയിലൂടെ വിപണനം ചെയ്യുന്നതു മൂലം |

| | | |
|---|---|---|
| | | ഇടനിലക്കാരുടെ ചൂഷണം ഇല്ലാതാകുന്നു. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉൽപ്പന്നങ്ങളുടെ അടിസ്ഥാന വില നിശ്ചയിച്ചിട്ടാണ് ലേലം നടത്തി വരുന്നത്. കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് കർഷകർക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡിയും നൽകുന്നുണ്ട്. ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുന്നതിനായി ഹോർട്ടി കോർപ്പ് എല്ലാ ലേലങ്ങളിലും പങ്കെടുക്കുന്നു. |
| (ഡി) | ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ വരികയാണെങ്കിൽ അവ ലേലം ചെയ്യുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് അവകാശം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) കർഷക ഗ്രൂപ്പുകളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ മൊത്ത വ്യാപാര വിപണികളിൽ നിശ്ചിത ദിവസങ്ങളിൽ നടത്തുന്ന ലേലത്തിലൂടെയാണ് വിറ്റഴിക്കുന്നത്. ലേലത്തിൽ ന്യായമായ വില ലഭിക്കാതെ വിറ്റഴിക്കാൻ സാധിക്കാതെ വരുന്ന ഉൽപ്പന്നങ്ങൾ മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില നൽകി ഹോർട്ടികോർപ്പ് സംഭരിക്കുന്നു. |

സെക്ഷൻ ഓഫീസർ